പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2051 17.03.2015-ൽ മറുപടിക്ക്

## ഏലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച കെ. എസ്. ആർ. റ്റി. സി. ബസ് റൂട്ടുകൾ

ചോദ്യം

ശ്രീ. എ.കെ. ശശീന്ദ്രൻ :

ഉത്തരം

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ ഏലത്തൂർ നിയോജകമണ്ഡലത്തിൽ ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര കെ. എസ്. ആർ. റ്റി. സി. ബസ് റൂട്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) | 2 റൂട്ടുകൾ അനുവദിച്ചിട്ടുണ്ട്.<br>1. കോഴിക്കോട് - ചീക്കിലോട്<br>2. കോഴിക്കോട് - പാവയിൽചീർപ്പ് - കോഴിക്കോട് സർക്കുലർ. |
| (ബി) | കോഴിക്കോടു നിന്ന് പാവയിൽ ചീർപ്പ് വഴി കക്കോടിയ്ക്ക് പോകുന്ന ബസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ എന്ന് അറിയിക്കാമോ; | (ബി) | നിലവിലില്ല. |
| (സി) | ഇല്ലെങ്കിൽ ബസ് റൂട്ട് നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | ഷോർട്ട് വീൽ ബെയ്സ് ബസ് ഉപയോഗിച്ച് മാത്രമേ ഈ റൂട്ടിൽ സർവ്വീസ് നടത്തുവാൻ കഴിയുകയുള്ളൂ. ഇത്തരം ബസ്സുകളുടെ ലഭ്യതക്കുറവ് കൊണ്ടാണ് ഈ സർവ്വീസ് താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നത്. |
| (ഡി) | കളക്ഷൻ കുറഞ്ഞ ബസ് റൂട്ടുകളിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | കളക്ഷൻ കുറഞ്ഞ റൂട്ടുകളിൽ ഷെഡ്യൂൾ പുനഃക്രമീകരിച്ചും, ജീവനക്കാരെ ബോധവൽക്കരിച്ചും കളക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ